# കേരളസർവകലാശാല

നം.പി.ആർ.131/2023

## പത്രക്കുറിപ്പ്

### ടൈംടേബിൾ

കേരളസർവകലാശാല 2023 ജൂണിൽ നടന്ന ഒമ്പതാം സെമസ്റ്റർ പഞ്ചവത്സര എം.ബി.എ. (ഇന്റഗ്രേറ്റഡ്) (2015 സ്കീം – റെഗുലർ & സപ്ലിമെന്ററി) പരീക്ഷകളുടെ സെമിനാർ – ജനറൽ മാനേജ്മെന്റ് വൈവയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ എം.എ, എം.എസ്.സി,എം.കോം, എം.എസ്. ഡബ്ലിയു (ന്യൂജനറേഷൻ കോഴ്സസ്) (റെഗുലർ 2021 അഡ്മിഷൻ & സപ്ലിമെന്ററി 2020 അഡ്മിഷൻ) ഡിഗ്രി പരീക്ഷകൾ (ജൂലൈ 2023) പിഴകൂടാതെ ജൂലൈ 7 വരെയും 150 രൂപ പിഴയോടെ ജൂലൈ 10 വരെയും 400 രൂപ പിഴയോടെ ജൂലൈ 12 വരെയും അപേക്ഷിക്കാം. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ എം.എ, എം.എസ്സി., എം.എം.സി.ജെ., എം.എ.എച്ച്.ആർ.എം., എം.കോം., എം.എസ്.ഡബ്ല്യൂ. (റെഗുലർ & സപ്ലിമെന്ററി) കോഴ്സ് വിദ്യാർഥികളുടെ പരീക്ഷ രജിസ്ട്രേഷൻ 2023 ജൂലൈ 4 വരെ നീട്ടിയുരിക്കുന്നു. പിഴകൂടാതെ ജൂലൈ 4 വരെയും 150 രൂപ പിഴയോടെ ജൂലൈ 5 വരെയും 400 രൂപ പിഴയോടെ ജൂലൈ 6 വരെയും അപേക്ഷിക്കാം. slcm portal മുഖേനയാണ് അപേക്ഷിക്കേണ്ടത്. 2020 അഡ്മിഷൻ വിദ്യാർത്ഥികൾ exams.keralauniversity.ac.in എന്ന പോർട്ടൽ മുഖേനയാണ് അപേക്ഷിക്കേണ്ടത്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാത്തീയതി

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ എം.എ., എം.എസ്സി., എം.സി.ജെ., എം.എ. എച്ച്.ആർ.എം., എം.കോം., എം.എസ്.ഡബ്ല്യൂ. (റെഗുലർ & സപ്ലിമെന്ററി) കോഴ്സ് വിദ്യാർത്ഥികളുടെ പരീക്ഷ ജൂലൈ 13 ന് ആരംഭിക്കുന്നതാണ്. നാലാം സെമസ്റ്റർ പ്രോജക്ട് സമർപ്പിക്കേണ്ട അവസാന തീയതി ഓഗസ്റ്റ് 7 വരെയാണ്.

### പിഎച്ച്.ഡി. നൽകി

ലിൻഡ തെരേസ ലൂയിസ് (സോഷ്യോളജി), സുൽഫത്ത് എസ് (സോഷ്യൽ വർക്ക്), ആര്യ ഗോപൻ (എക്കണോമിക്സ്), ബിജു ആർ, ഭവ്യശ്രീ പി.ജി (ഫിസിക്സ്), അനീഷ് ആർ (മാനേജ്മെന്റ് സ്റ്റഡീസ് ), ബീന എൽ (മലയാളം), ജാക്ക് മാർട്ടിൻ എം.വി ( തമിഴ്), ജാസ്മിൻ ജെ,ശിവ പ്രസാദ്.ജി (കൊമേഴ്സ്),ഉമർഅലി.കെ(ബയോ ടെക്നോളജി), അരവിന്ദ് എസ്. ജി (ഇംഗ്ലീഷ്), സീമ.എസ്.നായർ (ഫാർമസ്യൂട്ടിക്കൽ സയൻസ്), ശ്രീജ.യു. ഭാസി (ഫിസിക്കൽ എജുക്കേഷൻ), എന്നിവർക്ക് പിഎച്ച്.ഡി നൽകാൻ 2023 ജൂൺ 27 ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

## <u>എൻഡോവ്മെന്റ് അവാർഡ്</u>

കേരളസർവകലാശാല എൻഡോവ്മെന്റ് അവാർഡുകളുടെയും ചാരിറ്റബിൾ എൻഡോവ്മെന്റ് അവാർഡുകളുടെയും 2018 (ബി.ടെക്., എൽ.എൽ.ബി. മാത്രം), 2019, 2020 വർഷങ്ങളിലെ വിതരണോത്ഘാടനം ജൂൺ 27 രാവിലെ 11.00 മണിക്ക് കേരളസർവകലാശാല സെനറ്റ് ഹാളിൽ വൈസ് ചാൻസലർ ഡോ.മോഹനൻ കുന്നുമ്മൽ നിർവഹിച്ചു. സിൻഡിക്കേറ്റ് അംഗം ശ്രീ.സന്ദീപ് ലാൽ അധ്യക്ഷത വഹിച്ചു. കേരളസർവകലാശാല രജിസ്ട്രാർ പ്രൊഫ.ഡോ.അനിൽകുമാർ, സിൻഡിക്കേറ്റ് അംഗങ്ങൾ, സ്റ്റുഡന്റ്സ് സർവീസ് ഡയറക്ടർ തുടങ്ങിയ വിശിഷ്ട വ്യക്തികൾ സന്നിഹിതരായിരുന്ന ചടങ്ങിൽ മുന്നൂറ്റി ഇരുപതോളം അവാർഡുകൾ കുട്ടികൾക്ക് വിതരണം ചെയ്തു.

തിരുവനന്തപുരം,
30.06.2023.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries
**helpdesk@keralauniversity.ac.in,examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: <u>www.keralauniversity.ac.in</u>**

**University information is available on 9188526670, 9188526671, 9188526674, 9188526675**